# ദന്തരോഗങ്ങൾ

## (പ്രശ്നങ്ങളും പ്രതിവിധികളും-35)

Dr. Vinod Mathew Mulamoottil

### 35. ക്യാപ്പ് ആന്റ് ബ്രിഡ്ജ്



പല്ലെല്ലാം എടുത്തു കളഞ്ഞ് പുതിയ സെറ്റു വെയ്ക്കണം. ഈ അഭിപ്രായവുമായി ക്ലിനിക്കിൽ വരുന്നവർ കുറവല്ല. ഒന്നോ രണ്ടോ പല്ലുകൾ എടുത്തു കളഞ്ഞാൽ വയ്ക്കണ്ട എന്ന ആശയക്കാരും കുറവല്ല. ഈ അഭിപ്രായത്തിൽ നിന്നും മാറി ചിന്തിക്കാൻ സമയമായി. ദന്തചികിത്സകന് വളരെയധികം നൂതനമായ ചികിത്സകൾ നിങ്ങൾക്കായി നിർദ്ദേശിക്കുവാൻ കഴിയും. ഏതെങ്കിലും ഒരു ദന്തപ്രശ്നം ഉണ്ട് എങ്കിൽ ഒരു ദന്ത ഡോക്ടറുടെ നിർദ്ദേശത്തിനു മുൻതൂക്കം നൽകി വേണം തീരുമാനം എടുക്കാൻ.

പല്ലുകൾ എല്ലാം എടുപ്പിച്ചു കളഞ്ഞ് പുതിയ സെറ്റു വെയ്ക്കുന്നത് മറ്റു ചികിത്സകൾ ഒന്നുംതന്നെ ഇല്ല എന്ന അവസ്ഥ വരുമ്പോൾ മാത്രം ആകണം.

### ക്രൗൺ ആന്റ് ബ്രിഡ്ജ്

ക്രൗൺ ആന്റ് ബ്രിഡ്ജ് ചികിത്സ ഉറപ്പിച്ചു വയ്ക്കുന്ന-സ്വന്തമായി എടുത്തു മാറ്റുവാൻ സാധിക്കാത്ത ദന്ത ചികിത്സയാണ്. പല്ലുകൾക്ക് പൊട്ടൽ ഉണ്ടാകാതെ സംരക്ഷിക്കുവാനും നഷ്ട

പ്പെട്ട പല്ലുകൾ ഉറപ്പിച്ചു വയ്ക്കുവാനും ഈ രീതിയിൽ കൂടി സാധ്യമാകുന്നു. ഒരിക്കൽ ഉറപ്പി ച്ചാൽ ഒരു ദന്തഡോക്ടറുടെ സഹായമില്ലാതെ ഇത് എടുക്കുവാൻ സാധിക്കില്ല.

## ക്രൗൺ:

ക്രൗൺ അഥവാ ക്യാപ്പ്...... ഇത് ഒടിഞ്ഞതോ ദ്രവിച്ചതോ ആയ പല്ലുകളുടെ മുകളിൽ ഉണ്ടാക്കി ഇടുന്നത് പല്ലിന്റെ രൂപവും ബലവും നിലനിർത്തുവാൻ സഹായകരമാകുന്നു.

സാധാരണയായി ദന്തഡോക്ടർ ക്രൗൺ അഥവാ ക്യാപ്പ് ഇടുവാൻ നിർദ്ദേശിക്കുന്ന സാഹച ര്യങ്ങൾ:-

1. പല തവണ അടച്ചിട്ടും വീണ്ടും പല്ലു പൊട്ടുകയോ അടച്ച ഫില്ലിംഗ് ഇളകിപോകു കയോ ചെയ്യുമ്പോൾ
2. വളരെ കട്ടികുറഞ്ഞതും പൊടിഞ്ഞു പോകുന്നതുമായ പല്ലുകൾക്ക്
3. പല്ലുകൾ ആക്സിഡന്റിൽ പൊട്ടുകയോ ഒടിഞ്ഞു പോകുകയോ ചെയ്യുമ്പോൾ
4. ഇംപ്ളാന്റ് ചെയ്തതിനുശേഷം
5. ഷേപ്പ് ഇല്ലാത്തതോ നിറം മാറിയതോ ആയ പല്ലുകൾക്ക്
6. റൂട്ട് കനാൽ ചികിത്സ നടത്തിയ പല്ലുകൾക്ക്
7. രണ്ടു പല്ലുകളുടെ ഇടയിൽ പോടു വരുകയും, വിടവിൽ ഭക്ഷണം കയറി ഇരിക്കു കയും ചെയ്യുമ്പോൾ

## ബ്രിഡ്ജ്:

ഒന്നോ ഒന്നിലധികമോ പല്ലുകൾ ഉറപ്പിച്ചു വയ്ക്കേണ്ടതായി വരുമ്പോൾ ആണ് ബ്രിഡ്ജ് ചികിത്സ ആവശ്യമായി വരുന്നത്. പല്ലുകൾ നഷ്ടപ്പെട്ടത് വയ്ക്കാതെ വർഷങ്ങൾ കഴിയുമ്പോൾ മുൻനിരയിലെ പല്ലുകൾക്ക് ഇടയിൽ വിടവുകളും എടുത്തു കളഞ്ഞ പല്ലിന് എതിർമോണയിലെ പല്ല് താഴേക്കോ മുകളിലേക്കോ  പൊന്തിവരുകയും ചെയ്യും. താടിയെല്ലിന്റെ കുഴകൾക്ക് വേദ നയുണ്ടാകുവാനും ഇതു കാരണമാകുന്നു.

പല്ലുകളുടെ അതേ നിറത്തിലുള്ള പോർസല്ലിൻ, സെറാമിക്, സിർക്കോണിയം ക്രൗൺ& ബ്രിഡ്ജാണ് ഏറ്റവും നല്ലതും ഗുണമേന്മയുള്ളതും. ക്രൗൺ-ബ്രിഡ്ജ് ചികിത്സ വളരെ കുറഞ്ഞ സമയം കൊണ്ട് ചെയ്യുവാൻ കഴിയുന്ന ചികിത്സയാണ്. ഏറ്റവും കുറഞ്ഞ സമയം 48 മണിക്കൂർ ആണ്. രണ്ടു ദിവസം കൊണ്ട് ചെയ്തു പൂർത്തിയാക്കുവാൻ കഴിയുന്ന ചികിത്സയാണ് ഇത്. വേരിന്റെ ചികിത്സ നടത്തുന്നതായി വന്നാൽ ഒരാഴ്ചയിൽ രണ്ട് പ്രാവശ്യത്തെ സിറ്റിംഗിൽ ഇത് പൂർത്തിയാക്കുവാൻ സാധിക്കുന്നു.

ക്രൗൺ + ബ്രിഡ്ജ് ചികിത്സ ചെയ്തതിനുശേഷം : ദന്ത സംരക്ഷണവും വായയുടെ ശുചിത്വവും പ്രത്യേകമായി ശ്രദ്ധിക്കണം. വർഷത്തിൽ ഒരിക്കൽ ദന്ത ഡോക്ടറെ കണ്ട് ക്ലിനിംഗ് നടത്തുന്നത് ബ്രിഡ്ജിന്റെ അടിവശം വൃത്തിയാക്കുവാൻ ആവശ്യമാണ്. പ്രത്യേകതരത്തിലുള്ള ബ്രഷുകളും ഇതിന് ആവശ്യമാണ്.

(അവസാനിച്ചു...)

---


## Dr. Vinod Mathew Mulamoottil

**(Lecturer: Pushpagiri College Of Dental Sciences)**
**Mulamoottil  Dental Clinic**
**Police Quarters Road**
**Near DYSP Office**
**Tiruvalla.689101**
**919447219903**
**914692603552**
**drvinod@dentalmulamoottil.com**
**www.dentalmulamoottil.com**